**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 517 **30.06.2016**-ലെ മറുപടിക്ക്

**വാമനപുരം മണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി - പട്ടികവർഗ കുടുംബങ്ങൾക്ക് 2011 മുതൽ നാളിതു വരെ വീട് വച്ച് നൽകിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത്തിരിച്ചുള്ളതും എസ്.സി/ എസ്.റ്റി ഇനം തിരിച്ചുള്ളതുമായ പട്ടിക ലഭ്യമാക്കുമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ കുടുംബങ്ങൾക്ക് 2011 മുതൽ നാളിതു വരെ വീട് വച്ച് നൽകിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ളതും എസ്.സി/ എസ്.റ്റി ഇനം തിരിച്ചുള്ളതുമായ പട്ടിക അനുബന്ധം -I ആയി ചേർക്കുന്നു. |
| (ബി) | വീട് ഇനിയും എത്ര പട്ടികജാതി - പട്ടികവർഗ കുടുംബങ്ങൾക്കാണ് ലഭിക്കാനുള്ളതെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | ലിസ്റ്റ് അനുബന്ധം -II ആയി ചേർക്കുന്നു. |
| (സി) | പട്ടികജാതി - പട്ടികവർഗ കുടുംബങ്ങൾക്ക് വീട് വച്ച് നൽകുന്നതിനും ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകി വീട് വച്ച് കൊടുക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും, മുൻസിപ്പൽ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷം രൂപയും അനുവദിക്കുന്നു. ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ കുടുംബങ്ങളുടെ പാർപ്പിട പ്രശ്ന പരിഹാരത്തിനായി സർക്കാർ നിരവധി ഭവന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജനറൽ ഹൗസിംഗ് സ്കീം, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി എന്നിവയാണ് ഇവയിൽ പ്രമുഖം. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനായി ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം, ആദിവാസി പുനരധിവാസ വികസന മിഷൻ, എന്നീ പദ്ധതികൾ മുഖേന ഭൂമി ലഭ്യമാക്കി മേൽപറഞ്ഞ പ്രകാരം ഭവന നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

**വാമനപുരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് വഴി 2011-2012 മുതൽ 2015-2016 വരെ നൽകിയ ഭവന നിർമ്മാണ ധനസഹായത്തിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം | ഗ്രാമപഞ്ചായത്ത് | 2011-2012 | 2012-2013 | 2013-2014 | 2014-2015 | 2015-2016 |
|---|---|---|---|---|---|---|
| 1 | പെരിങ്ങമല | 1 | 3 | 6 | 4 | 5 |
| 2 | നന്ദിയോട് | 2 | 3 | 5 | 2 | 2 |
| 3 | പാങ്ങോട് | 8 | 7 | 65 | 2 | 4 |
| 4 | കല്ലറ | 3 | 6 | 6 | 3 | 6 |
| 5 | വാമനപുരം | 3 | 5 | 3 | 4 | 1 |
| 6 | നെല്ലനാട് | 5 | 5 | 7 | 4 | 9 |
| 7 | പുല്ലമ്പാറ | 5 | 14 | 15 | 5 | 3 |
| 8 | മാണിക്കൽ | 5 | 5 | 1 | 4 | 6 |
| **ആകെ** | | **32** | **48** | **108** | **28** | **36** |

**പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2011-12 മുതൽ നൽകിയ ഭവനനിർമ്മാണ ധനസഹായത്തിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം**

| ക്രമ നമ്പർ | പഞ്ചായത്ത് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | പെരിങ്ങമ്മല | 236 |
| 2 | പാങ്ങോട് | 70 |
| 3 | നന്ദിയോട് | 69 |
| 4 | പുല്ലംപാറ | 9 |
| ആകെ | | 384 |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം – 2

**ഗ്രാമസഭാ ലിസ്റ്റിൻ പ്രകാരം വാമനപുരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഭവനരഹിതരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം**

| ക്രമ നം | ഗ്രാമപഞ്ചായത്ത് | ഗ്രാമസഭാ ലിസ്റ്റിൽ പ്രകാരം ഭവനരഹിതരുടെ എണ്ണം |
|---|---|---|
| 1 | നെല്ലനാട് | 141 |
| 2 | മാണിക്കൽ | 13 |
| 3 | പുല്ലമ്പാറ | 33 |
| 4 | പെരിങ്ങമല | 195 |
| 5 | വാമനപുരം | 13 |
| 6 | പാങ്ങോട് | 6 |
| 7 | നന്ദിയോട് | 59 |
| 8 | കല്ലറ | 1 |

**ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം**

| ക്രമ നമ്പർ | പഞ്ചായത്ത് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | പെരിങ്ങമ്മല | 198 |
| 2 | പാങ്ങോട് | 43 |
| 3 | നന്ദിയോട് | 78 |
| 4 | പുല്ലംപാറ | 1 |
| ആകെ | | 320 |

(signature)

സെക്ഷൻ ഓഫീസർ